ഗവൺമെൻറിന് ലഭിച്ചിരുന്നു. പരാതികളും അടിസ്ഥാനരഹിതമാണെന്ന് യൂണിവേഴ്സിറ്റി റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചിട്ടുണ്ട്.

സ്വകാര്യ വിദ്യാലയങ്ങളിലെ സ്റ്റാഫ് ഫിക്സേഷൻ

*38 [42] ശ്രീ. പി. വിജയദാസ്:
,, എ. വി. താമരാക്ഷൻ:
,, ആർ. എസ്. ഉണ്ണി:
,, കെ കൃഷ്ണൻകുട്ടി:
,, ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വിദ്യാലയങ്ങളിലെ സ്റ്റാഫ് ഫിക്സേഷൻ എന്നു പൂർത്തിയാക്കുവാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്:

(ബി) കഴിഞ്ഞ വിദ്യാഭ്യാസ വർഷംവരെ സ്വീകരിച്ച സമ്പ്രദായത്തിന് മാറ്റം വരുത്തുവാൻ സർക്കാരിനെ പ്രേരിപ്പിച്ച കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ:

(സി) അദ്ധ്യാപക സംഘടനകളുടെ പ്രതിഷേധത്തിനിടയാക്കിയ പുതിയ സമ്പ്രദായം മാറ്റാൻ ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) സെപ്റ്റംബർ മാസത്തിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) കുട്ടികളുടെ എണ്ണം എടുക്കുന്നതിന് വിദ്യാഭ്യാസ ആഫീസർമാർ നടത്തുന്ന പരിശോധന ഫലപ്രദമാകുന്നില്ല. പരിശോധന പല ദിവസങ്ങളിലായി നടത്തുന്നതുകൊണ്ട് മറ്റു സ്കൂളുകളിലെ കുട്ടികളെ കൊണ്ടുവന്ന് പരിശോധന നടത്തുന്ന സ്കൂളിൽ ഇരുത്തി കുട്ടികളുടെ എണ്ണം പെരുപ്പിച്ച് കാണിച്ച് കൂടുതൽ പോസ്റ്റുകളും ലഭ്യമാക്കിക്കുന്ന സമ്പ്രദായം വ്യാപകമായ തോതിൽ നടക്കുന്നുണ്ടെന്ന് പരാതികൾ ലഭിച്ചിരുന്നു. തൻമൂലം സർക്കാരിന് ഭീമമായ അധികച്ചെലവ് വഹിക്കേണ്ടിവന്നു. ഇതൊഴിവാക്കാനാണ് കുട്ടികളുടെ എണ്ണം പരിശോധിക്കുന്നതിനു വേണ്ടി പുതിയ സമ്പ്രദായം പരീക്ഷിച്ചുനോക്കാൻ തീരുമാനിച്ചത്.

(സി) ഇല്ല.

1984-85-ലെ പുതിയ പഠന കോഴ്സുകൾ

*39 [43] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കോളേജുകളിലും സർക്കാർ കോളേജുകളിലും പുതുതായി ആരംഭിക്കേണ്ട പഠനകോഴ്സുകൾക്ക് 1984-85-ൽ സ്വീകരിച്ച അപേക്ഷകൾ ഇപ്പോൾ പ്രാബല്യത്തിലുണ്ടോ;

(ബി) ഇതിൽ പ്രീഡിഗ്രി, ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേഷൻ നിലവാരത്തിലുള്ള പുതിയ ക്ലാസുകൾക്കും കോഴ്സുകൾക്കുമുള്ള അപേക്ഷകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാതെ വിദ്യാഭ്യാസ സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള ഈ അപേക്ഷകളിൻമേൽ തീരുമാനമെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) യൂണിവേഴ്സിറ്റിയുടെ ശുപാർശയോടുകൂടി ഗവൺമെന്റിന് ലഭിച്ച അപേക്ഷകളുടെ വിവരം താഴെ ചേർക്കുന്നു.

പ്രീഡിഗ്രി	..	37
ഡിഗ്രി	..	150
പോസ്റ്റ്ഗ്രാഡ്വേഷൻ	..	69
ആകെ	..	256

(സി) പരിഗണനയിലാണ്.

അനധികൃതമായി കടത്തികൊണ്ടുവരുന്ന സ്പിരിറ്റ്

* 40 [44] ശ്രീ. സി. ടി. കൃഷ്ണൻ:
,, എം. ജിനദേവൻ:
,, ടി. കെ. ആറുമുഖൻ:
,, കെ. മൂസ്സക്കുട്ടി:
,, ടി. കെ. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് വൻതോതിൽ സ്പിരിറ്റ് അനധികൃതമായി കടത്തികൊണ്ടുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം സംസ്ഥാനത്ത് അനധികൃതമായി സ്പിരിറ്റ് കടത്തികൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) 1985 ആഗസ്റ്റ് മാസം 10-ാം തീയതി മഞ്ചേരിക്കടുത്ത് അരീക്കോടും കോട്ടയത്തിനു സമീപം പാലായിലും വച്ച് പെർമിറ്റില്ലാതെ കടത്തികൊണ്ടുവന്ന 3 ടാങ്കർ വ്യാജസ്പിരിറ്റ് പിടിച്ചതിനെക്കുറിച്ചുള്ള അന്വേഷണം ഏതു സ്റ്റേജിലിരിക്കുന്നു.;

(ഡി) ഇതു സംബന്ധിച്ച് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ):

(എ) സംസ്ഥാനത്തേക്ക് അനധികൃതമായി സ്പിരിറ്റ് കടത്തികൊണ്ടുവന്ന ചില സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ചുള്ള അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly